REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 04-09-2026** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- **ഇന്ത്യയുടെ അത്യാധുനിക ഭൗമ നിരീക്ഷണ ഉപഗ്രഹം EOS-05 വിജയകരമായി വിക്ഷേപിച്ചു.**
- **'റീഇമാജിനിങ് കേരളം' ദ്വിദിന നേതൃത്വ ശിൽപശാലയ്ക്ക് ഇന്ന് കോഴിക്കോട് IIM ക്യാമ്പസിൽ തുടക്കമാകും.**
- **വനാതിർത്തി നിർണയത്തിൽ ആശങ്കകൾക്ക് അടിസ്ഥാനമില്ലെന്ന് മുഖ്യമന്ത്രി VD സതീശൻ.**
- **ഇന്ന് അഷ്ടമിരോഹിണി.**
- **ഏഷ്യാ കപ്പ് വനിതാ ട്വന്റി-20 ക്രിക്കറ്റിൽ ഇന്ത്യ സെമിയിൽ.**

## വാർത്തകൾ വിശദമായി

ഇന്ത്യയുടെ അത്യാധുനിക ഭൗമ നിരീക്ഷണ ഉപഗ്രഹം EOS-05 വിജയകരമായി വിക്ഷേപിച്ചു. ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ ബഹിരാകാശകേന്ദ്രത്തിൽ നിന്ന് പുലർച്ചെ 2.55 ന് GSLV-F 17 റോക്കറ്റ് ഉപയോഗിച്ചായിരുന്നു വിക്ഷേപണം. ഭൂസ്ഥിര ഭ്രമണ പഥത്തിൽ ഇന്ത്യ സ്ഥാപിക്കുന്ന ആദ്യ ഇമേജിങ് ഉപഗ്രഹമാണ് EOS-05. വിക്ഷേപിച്ചു പതിനെട്ട് മിനിട്ടിനു ശേഷം അത്യാധുനിക ഭൗമ നിരീക്ഷണ പേടകം ഭ്രമണപഥത്തിലെത്തിയതായി ISRO അറിയിച്ചു. 27 മണിക്കൂർ നീണ്ട കൗണ്ട്ഡൗൺ പൂർത്തിയാക്കിയതിനു ശേഷമാണ് 2,367 കിലോ പേലോഡ് പിണ്ഡത്തോട് കൂടി GSLV-F 17 റോക്കറ്റ് പുലർച്ചെ ബഹിരാകാശകേന്ദ്രത്തിലെ രണ്ടാമത്തെ വിക്ഷേപണത്തുറയിൽ നിന്ന് കുതിച്ചുയർന്നത്.

ഉപഗ്രഹം തത്സമയ ചിത്രങ്ങൾ നൽകുന്നതിനൊപ്പം, കൃഷി, ദുരന്തനിവാരണം തുടങ്ങിയ മേഖലകളിൽ രാജ്യത്തിന് സഹായകരമാകും. ദൗത്യം ഇന്ത്യയുടെ

ഭൗമനിരീക്ഷണ ശേഷിയെ കൂടുതൽ ശക്തിപ്പെടുത്തുകയും സേവനങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യുമെന്ന് ISRO ചെയർമാൻ V നാരായണൻ പറഞ്ഞു.

✪✪✪

കേരളത്തിന്റെ ദീർഘകാല വികസന സാധ്യതകളും ഭാവി വെല്ലുവിളികളും ചർച്ച ചെയ്യുന്നതിന് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് സംഘടിപ്പിക്കുന്ന 'റീഇമാജിനിങ് കേരളം' ദ്വിദിന നേതൃത്വ ശിൽപശാലയ്ക്ക് ഇന്ന് കോഴിക്കോട് IIM ക്യാമ്പസിൽ തുടക്കമാകും. മുഖ്യമന്ത്രി VD സതീശനും മുഴുവൻ മന്ത്രിസഭാംഗങ്ങളും പരിപാടിയിൽ പങ്കെടുക്കും.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)...

കേരളത്തിന്റെ ഭാവി വികസനത്തിന് പുതിയ ആശയങ്ങളും തന്ത്രപരമായ സമീപനങ്ങളും രൂപപ്പെടുത്തുന്ന സംവാദ വേദിയായാണ് പരിപാടി വിഭാവനം ചെയ്തിരിക്കുന്നത്. IIMK അധ്യാപകർ, രാജ്യാന്തര വിദഗ്ധർ എന്നിവർ പങ്കെടുക്കുന്ന ചർച്ചകളിൽ സംസ്ഥാനത്തിന്റെ വികസന പാതയെ സ്വാധീനിക്കുന്ന വിവിധ വിഷയങ്ങൾ ആഴത്തിൽ പരിശോധിക്കും.

കൃത്രിമബുദ്ധിയുടെ കാലത്തെ നേതൃത്വം, നയങ്ങൾ ജനജീവിതത്തിൽ സുസ്ഥിരമായ മാറ്റങ്ങളാക്കി മാറ്റുന്ന സമീപനങ്ങൾ, കാലാവസ്ഥാ പ്രതിരോധം, സമൂഹാധിഷ്ഠിത ദുരന്തനിവാരണം, പൊതുജനാരോഗ്യ- വയോജന സമൂഹം, 'സിൽവർ ഇക്കോണമി', കേരളത്തിന്റെ സാമ്പത്തിക-ധനകാര്യ അടിത്തറ, തൊഴിൽ, സംരംഭകത്വം, നൈപുണ്യ വികസനം, ഉന്നത വിദ്യാഭ്യാസത്തിലെ മികവ്, കേരളത്തെ ആഗോള ബ്രാൻഡായി ഉയർത്തുന്നതിന് സാധ്യതകൾ തുടങ്ങിയ വിഷയങ്ങളാണ് ചർച്ച ചെയ്യുക.

സംസ്ഥാന മന്ത്രിസഭയ്ക്കായി IIMK സമർപ്പിത നേതൃത്വ പരിപാടി സംഘടിപ്പിക്കുന്നത് ഇത് രണ്ടാം തവണയാണ്. 2011ൽ, മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ മന്ത്രിസഭയ്ക്കായി IIMK ഏകദിന നേതൃത്വ-മാനേജ്മെന്റ് പരിപാടി സംഘടിപ്പിച്ചിരുന്നു.

✪✪✪

വനാതിർത്തി നിർണയത്തിൽ ആശങ്കകൾക്ക് അടിസ്ഥാനമില്ലെന്ന് മുഖ്യമന്ത്രി VD സതീശൻ പറഞ്ഞു. ജനവാസ കേന്ദ്രങ്ങളെ ഒഴിവാക്കി 98 വില്ലേജുകളിലായി 8,590 ചതുരശ്ര കിലോമീറ്ററായി അതിർത്തി പരിമിതപ്പെടുത്തണ മെന്നാണ് സംസ്ഥാന ഗവണ്മെന്റിന്റെ ശക്തമായ നിലപാടെന്ന് അദ്ദേഹം

തിരുവനന്തപുരത്ത് അറിയിച്ചു. ഇക്കാര്യത്തിൽ വിദഗ്ധ സമിതിയുമായി മന്ത്രി സണ്ണി ജോസഫിനൊപ്പം ചർച്ച നടത്തിയതായും മുഖ്യമന്ത്രി പറഞ്ഞു.

✪✪✪

പ്രളയബാധിത കർഷകർക്ക് സഹായം ഉറപ്പാക്കുന്ന നടപടി ഊർജിതമായി മുന്നോട്ടുകൊണ്ടുപോകുകയാണെന്ന് മന്ത്രി T സിദ്ദിഖ് പറഞ്ഞു. പ്രളയബാധയുടെ സ്വഭാവവും വ്യാപ്തിയും സംബന്ധിച്ച KSDMA നോട്ടിഫിക്കേഷൻ പുറത്തുവന്നശേഷം തുടർ സാമ്പത്തിക സഹായ നടപടികളിലേക്ക് കടക്കുമെന്ന് മന്ത്രി തിരുവനന്തപുരത്ത് മാധ്യമങ്ങളെ അറിയിച്ചു. വിളനാശത്തിന്റെ പ്രാഥമിക നടപടികൾ പൂർത്തിയാക്കിയതായും, നഷ്ടത്തിന്റെ തോത് നിർണയിച്ചശേഷം അർഹരായ കർഷകർക്ക് സഹായം ലഭ്യമാക്കുമെന്നും T സിദ്ദിഖ് പറഞ്ഞു.

✪✪✪

തെരുവുനായ വിഷയത്തിൽ ഗ്രാമപഞ്ചായത്തുകളിൽ അതീവ ജാഗ്രത അനിവാര്യമാണെന്ന് മന്ത്രി KM ഷാജി പറഞ്ഞു. വയനാട് പടിഞ്ഞാറത്തറ ആനിമൽ ബർത്ത് കൺട്രോൾ കേന്ദ്രം നാടിന് സമർപ്പിക്കുകയായിരുന്നു മന്ത്രി. തെരുവുനായ ശല്യം പരിഹാരം തദ്ദേശ ഭരണ വകുപ്പിന് മുന്നിലെ പ്രതിസന്ധിയാണെന്നും, നായകളെ തെരുവിൽ ഉപേക്ഷിക്കുന്ന പ്രവണത വ്യാപകമാകുന്നത് ഗവണ്മെന്റിന്റെ ശ്രദ്ധയിലുണ്ടെന്നും KM ഷാജി അറിയിച്ചു.

✪✪✪

വിദ്യാർഥികളെ ഉയരങ്ങളിലെത്തിച്ച് കുടുംബത്തിനും സ്കൂളിനും സമൂഹത്തിനും മുതൽക്കൂട്ടാവുന്ന രീതിയിലാണ്' ഉയരെ' വിദ്യാഭ്യാസ പദ്ധതി വിഭാവനം ചെയ്തതെന്ന് മന്ത്രി K.A തുളസി പറഞ്ഞു. കല്ലാച്ചി ഗവണ്മെന്റ് ഹയർ സെക്കന്ററി സ്കൂളിൽ പദ്ധതി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

KM അഭിജിത് MLA യുടെ നേതൃത്വത്തിൽ MLA കെയർ വഴിയാണ് വിദ്യാഭ്യാസ പദ്ധതി നടപ്പാക്കുന്നത്.

✪✪✪

തിരുവനന്തപുരം മെട്രോ പദ്ധതി പാപ്പനംകോട് നിന്നും നേമം വരെ നീട്ടണമെന്നാവശ്യപ്പെട്ട് രാജീവ് ചന്ദ്രശേഖർ MLA മുഖ്യമന്ത്രി VD സതീശന് കത്ത് നൽകി. പാപ്പനംകോട് മുതൽ ഈഞ്ചക്കൽ വരെയാണ് പദ്ധതി ആരംഭിക്കാൻ ഗവണ്മെന്റ് തീരുമാനമെടുത്തത്. മെട്രേ റെയിൽ നേമം വരെ നീട്ടിയാൽ തെക്കൻ തിരുവനന്തപുരത്തെ യാത്രക്ലേശം പരിഹരിക്കാൻ സാധിക്കുമെന്ന് രാജീവ് ചന്ദ്രശേഖർ കത്തിൽ അറിയിച്ചു.

✪✪✪

സംസ്ഥാന ഗവണ്മെന്റിന്റെ 100 ദിന പരിപാടിയുടെ ഭാഗമായി നടപ്പാക്കുന്ന 'പാരിസ്ഥിതികം' പദ്ധതിയിലൂടെ വൃക്ഷവത്ക്കരണത്തിന് ഇന്ന് കോഴിക്കോട്ട് തുടക്കമാകും. അൻസാരി പാർക്കിൽ 70 ഫല-ഔഷധ വൃക്ഷങ്ങളാണ് പദ്ധതിയുടെ ഭാഗമായി നട്ടുപിടിപ്പിക്കുക. മേയർ ഒ സദാശിവൻ രാവിലെ പരിപാടി ഉദ്ഘാടനം ചെയ്യും.

സംസ്ഥാന പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടറേറ്റ്, CWRDM ., മലബാർ ബൊട്ടാണിക്കൽ ഗാർഡൻ, മാത്തോട്ടം സാമൂഹ്യ വനവത്ക്കരണ വിഭാഗം എന്നിവയുടെ പിന്തുണയോടെയാണ് പദ്ധതി നടപ്പാക്കുന്നത്.

✪✪✪

EPF പിഴ സംബന്ധിച്ച് ദീർഘകാലമായി നിലനിൽക്കുന്ന തർക്കങ്ങൾ വിശ്വാസ് പദ്ധതിവഴി, കുറഞ്ഞ നിരക്കിൽ തീർപ്പാക്കാൻ സ്ഥാപനങ്ങളോട് എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് ഓർഗനൈസേഷൻ ആവശ്യപ്പെട്ടു. തൊഴിലുടമകൾക്ക് കുറഞ്ഞ പിഴത്തുക അടച്ച് ദീർഘകാലമായി നിലനിൽക്കുന്ന തർക്കങ്ങൾ അവസാനിപ്പിക്കാൻ അവസരമൊരുക്കുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയാണ് വിശ്വാസ്.ഈ വർഷം ഡിസംബർ 28 വരെ പദ്ധതി പ്രാബല്യത്തിലുണ്ടാകും. നിശ്ചിത സമയപരിധിക്കുള്ളിൽ അവസരം പ്രയോജനപ്പെടുത്തണമെന്ന് തൊഴിൽ മന്ത്രാലയം അറിയിച്ചു.

✪✪✪

നശാ മുക്ത് ഭാരത് അഭിയാന്റെ' ആറാം വാർഷികത്തോടനുബന്ധിച്ച്, ലഹരി ദുരുപയോഗത്തിനെതിരെ ദേശീയ പ്രതിജ്ഞ ഈ മാസം നടത്തും. നേരിട്ടും ഓൺലൈനായും 10 കോടിയിലധികം ആളുകളെ ഇതിൽ അണിനിരത്താനാണ് ലക്ഷ്യമിടുന്നത്. പദ്ധതിയെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് മന്ത്രാലയത്തിലെ ജോയിന്റ് സെക്രട്ടറി ഡോ. സന്ദീപ് രേവാജി റാത്തോഡിന്റെ നേതൃത്വത്തിൽ രണ്ട് ഉന്നതതല ഏകോപന യോഗങ്ങൾ ഇന്നലെ ന്യൂഡൽഹിയിൽ ചേർന്നു.

ലഹരിക്ക് അടിപ്പെട്ടവരിലേക്ക് സഹായമെത്തിക്കുക, ലഹരിയിൽ നിന്ന് വിട്ടുനിൽക്കാൻ ജനങ്ങളെ പ്രേരിപ്പിക്കുക , ഉത്തരവാദിത്ത പെരുമാറ്റം പ്രോത്സാഹിപ്പിക്കുക, പൊതു ലക്ഷ്യത്തിനായി ബന്ധപ്പെട്ടവരെല്ലാം ഒന്നിച്ച് പ്രവർത്തിക്കുന്നതിന് ആവശ്യമായ ഐക്യവും പ്രതിബദ്ധതയും വളർത്തുക എന്നിവയാണ് നശാ മുക്ത് ഭാരത് അഭിയാന്റെ'ലക്ഷ്യങ്ങൾ.

✪✪✪

ലോക സാക്ഷരതാ ദിനത്തിന്റെ ഭാഗമായി ഉല്ലാസ് സാക്ഷരതാ പക്ഷാചരണത്തിന് കാസർകോട് ജില്ലയിൽ തുടക്കമായി. രാജ്യത്തെ

നിരക്ഷരത നീക്കാൻ കേന്ദ്ര ഗവൺമെന്റിന്റെ നേതൃത്വത്തിൽ ആരംഭിച്ച പദ്ധതിയാണ് ഉല്ലാസ്.

കൂടുതൽ വിവരങ്ങളുമായി കാസർകോട്ട് നിന്ന് P. ജഗന്നിവാസൻ.

....(വോയ്സ്)....................

✪✪✪

ഇന്ന് അഷ്ടമിരോഹിണി. ലോകരക്ഷാർത്ഥം മഹാവിഷ്ണു ശ്രീകൃഷ്ണനായി അവതാരം ചെയ്ത പുണ്യദിനമായാണ് ഭക്തർ അഷ്ടമിരോഹിണി ആഘോഷിക്കുന്നത്. സംസ്ഥാനത്തെ പ്രധാന ശ്രീകൃഷ്ണ ക്ഷേത്രങ്ങളിൽ ഇന്ന് പ്രത്യേക പൂജകളും, വഴിപാടുകളുമുണ്ടാകും. ബാലഗോകുലത്തിന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് ശോഭായാത്രകളും സംഘടിപ്പിച്ചിട്ടുണ്ട്.

ആറന്മുള പാർത്ഥസാരഥി ക്ഷേത്രത്തിലെ പ്രസിദ്ധമായ അഷ്ടമി രോഹിണി വള്ള സദ്യ ഇന്ന് നടത്തും. ഗുരുവായൂർ ക്ഷേത്രദർശനത്തിന് എത്തുന്ന എല്ലാ ഭക്തർക്കും വിശേഷാൽ പ്രസാദ ഊട്ട് ഉണ്ടായിരിക്കുമെന്ന് ദേവസ്വം അധികൃതർ അറിയിച്ചു. പ്രത്യേക ദർശനങ്ങൾക്ക് നിയന്ത്രണവും ഏർപ്പെടുത്തിയിട്ടുണ്ട്.

✪✪✪

ശ്രീകൃഷ്ണ ജയന്തി ദിനത്തിൽ ഗുരുവായൂർ ശ്രീകൃഷ്ണ ക്ഷേത്രത്തിൽ ഭക്തജനത്തിരക്ക്.. അഷ്ടമിരോഹിണി ഉത്സവത്തോട് അനുബന്ധിച്ച് കണ്ണനെ തൊഴുതു വണങ്ങാൻ പതിനായിരക്കണക്കിന് ഭക്തരാണ് പുലർച്ചെ മുതൽ ഗുരുവായൂർ ക്ഷേത്രത്തിലെത്തുന്നത്.

പുലർച്ചെ മൂന്നിന് നിർമ്മാല്യ ദർശനത്തോടെയാണ് ജന്മദിനാഘോഷങ്ങൾക്ക് തുടക്കമായത്.

✪✪✪

ജന്മാഷ്ടമി ദിനത്തിൽ ലോക്സഭാ സ്പീക്കർ ഓം ബിർള ജനങ്ങൾക്ക് ആശംസ നേർന്നു. ഇന്ത്യയിലും ലോകമെമ്പാടും അസംഖ്യം ഭക്തർക്ക് ഭഗവാൻ ശ്രീകൃഷ്ണനോട് ഭക്തിയും സ്നേഹവും അതിരുകളില്ലാത്തതാണെന്ന് അദ്ദേഹം സന്ദേശത്തിൽ പറഞ്ഞു.

✪✪✪

ജന്മാഷ്ടമി ദിനമായ ഇന്ന് ബാലഗോകുലത്തിന്റെ നേതൃത്വത്തിൽ കോഴിക്കോട് ജില്ലയിൽ ആയിരത്തോളം ശോഭായാത്രകൾ സംഘടിപ്പിക്കും. മായവിട്ടുണരൂ മാനവനായി വളരൂ എന്നതാണ് ഇത്തവണത്തെ ശ്രീകൃഷ്ണ ജയന്തി സന്ദേശം.

✪✪✪

ഏഷ്യാ കപ്പ് വനിതാ ട്വന്റി-20 ക്രിക്കറ്റിൽ ഇന്ത്യ സെമിയിലെത്തി. ദുബായിലെ രണ്ടാം മത്സരത്തിൽ, ഹോങ്കോങ്ങിനെ 137 റൺസിന് തകർത്താണ് ഇന്ത്യയുടെ സെമി പ്രവേശം. ഇന്ത്യ ഉയർത്തിയ 194 റൺസ് പിന്തുടർന്ന ഹോങ്കോങ് 16.2 ഓവറിൽ 56 റൺസിന് പുറത്തായി.

✪✪✪

കേരളാ ക്രിക്കറ്റ് ലീഗിലെ സെമി ഫൈനൽ മൽസരങ്ങൾ ഇന്നു തിരുവനന്തപുരത്ത് നടത്തും.

കൂടുതൽ വിവരങ്ങളുമായി സ്മിതി M പള്ളുരുത്തി.

......(വോയ്സ്)..........

✪✪✪

കേരള സർവകലാശാലയുടെ സ്കൂൾ ഓഫ് ഡിസ്റ്റൻസ് എജ്യുക്കേഷൻ എന്ന പേരിൽ പ്രവർത്തിക്കുന്ന വ്യാജ വെബ്സൈറ്റിനെതിരെ വിദ്യാർഥികളും പൊതുജനങ്ങളും ജാഗ്രത പാലിക്കണമെന്ന് സർവകലാശാല മുന്നറിയിപ്പ് നൽകി. വിദൂര വിദ്യാഭ്യാസ പ്രോഗ്രാമുകളിലേക്ക് വ്യാജ പ്രവേശന വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിക്കുന്ന വെബ്സൈറ്റ്, വിദ്യാർഥികളിൽ നിന്ന് രജിസ്ട്രേഷനും ഓൺലൈൻ പേയ്മെന്റും സ്വീകരിക്കുന്നുണ്ട്. ഇത് വ്യക്തിഗത വിവരങ്ങൾ ചോർത്തുന്നതിനും സാമ്പത്തിക തട്ടിപ്പ് നടത്തുന്നതിനും സാധ്യത ഉയർത്തുമെന്ന് സർവകലാശാല അറിയിച്ചു. പ്രവേശനവുമായി ബന്ധപ്പെട്ട വിവരങ്ങൾ കൈമാറുന്നതിനോ പണം അടയ്ക്കുന്നതിനോ മുമ്പ് സർവകലാശാലയുടെ ഔദ്യോഗിക വെബ്സൈറ്റ് പരിശോധിക്കണമെന്നും വൈസ് ചാൻസലർ അഭ്യർഥിച്ചു.

✪✪✪

---

*News Editor & News Reader: വി കെ സുരേഷ്*
*News Team: അബ്ദുൽ കബീർ, രജിന കെ*
*DEO : ഷീബ*